

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

## 16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും

# സമ്പൂർണ്ണകൃതികൾ: ഭാഗം IV


കെ. ദാമോദരൻ


(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


16 പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും . . . . . . . . . . . . . . . . . . . . . . . 1

1 രാമായണവും മഹാഭാരതവും . . . . . 3

2 ഭാഷയും സാഹിത്യവും . . . . . . . . . 4

3 ശാസ്ത്രങ്ങളുടെ അഭിവൃദ്ധി . . . . . . . . 5

# 16

# പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും

ഉത്പാദനശക്തിയുടെ വളർച്ച ദാർശനികരംഗത്തിൽ മാത്രമല്ല, സാഹിത്യം, കല, ശാസ്ത്രം തുടങ്ങിയ മറ്റെല്ലാ സാംസ്കാരിക രംഗങ്ങളിലും മാറ്റങ്ങളുണ്ടാക്കി. പുരാണ പ്രാമാണ്യത്തേയും ദിവ്യതയുടെ കള്ളമോന്തകളണിഞ്ഞ അന്ധവിശ്വാസങ്ങളേയും ആശ്രയിക്കാതെ യുക്തിയുടെ കൈപിടിച്ചുകൊണ്ടു വളർന്നുവന്ന ഭൗതികവാദപരമായ സ്വതന്ത്രചിന്തകൾ വസ്തുനിഷ്ഠവും സത്യാന്വേഷണപരവുമായ പലതരം പരീക്ഷണങ്ങൾക്കും വഴി തെളിച്ചു. ബുദ്ധിപരവും മാനസികവുമായ എല്ലാ മണ്ഡലങ്ങളിലും സർഗാത്മകമായ ഒരു പുതിയ ചൈതന്യം പ്രത്യക്ഷപ്പെട്ടു. മനുഷ്യത്വത്തിനു മാധുര്യം കൂട്ടിയ അനേകം മഹത്ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടത് ഈ കാലഘട്ടത്തിലാണ്. ഈ കാലഘട്ടത്തിലാണ് നൂറ്റാണ്ടുകളെ ഇളക്കിമറിച്ച മഹാന്മാരായ ഒട്ടനവധി ചിന്തകന്മാർ പൊന്തിവന്നത്.

## 1 രാമായണവും മഹാഭാരതവും

ഇന്ത്യൻ ജനതയുടെ ജീവിതത്തിൽ ഏറ്റവുമധികം സ്വാധീശക്തി ചെലുത്തിയ രണ്ടു മഹാഗ്രന്ഥങ്ങളാണ് രാമായണവും മഹാഭാരതവും. ഇന്ത്യയിൽ കുടിയേറിപ്പാർക്കുകയും നിലയുറപ്പിക്കുകയും ചെയ്ത ആദ്യകാലത്തെ ആര്യന്മാരുടെ ജീവിതാഭിലാഷങ്ങളേയും ആക്രമണങ്ങളേയും വിജയങ്ങളേയും ആഭ്യന്തരയുദ്ധങ്ങളേയുമാണവ പ്രതിഫലിപ്പിക്കുന്നത്. ആരംഭത്തിലവ മതഗ്രന്ഥങ്ങളായിരുന്നില്ല; മരിച്ച് മണ്ണടിഞ്ഞ വീരപുരുഷന്മാരെപ്പറ്റിയുള്ള നാടോടിക്കഥകളായിരുന്നു; ഭൗതികജീവിതത്തെ ഉല്ലാസപ്രദവും കർമ്മോന്മുഖവുമാക്കാൻ സഹായിച്ച വീരഗാഥകളായിരുന്നു. എന്നാൽ പിന്നീട് യജ്ഞകർമ്മങ്ങളിലും മറ്റും ഉപയോഗിക്കപ്പെടാൻ തുടങ്ങിയതിനു ശേഷം പുരോഹിത പണ്ഡിതന്മാരുടെ സമർത്ഥമായ തൂലികകൾ അവയിൽ പല മാറ്റങ്ങളും വരുത്തി. പുതുതായി പലതും അവയിൽ കൂട്ടിച്ചേർക്കപ്പെട്ടു. അങ്ങനെ അവയ്ക്ക് ആദ്ധ്യാത്മികമായ ഒരു പശ്ചാത്തലം നൽകപ്പെട്ടു.

അയോദ്ധ്യയിലെ രാജാവായ ദശരഥന്റെയും രാജ്ഞിയായ കൗസല്യയുടേയും പുത്രനായ ശ്രീരാമന്റെ വീരകഥയാണ് രാമായണത്തിലെ ഉള്ളടക്കം. ദശരഥന്റെ രണ്ടാമത്തെ രാജ്ഞിയായ കൈകേയി തന്റെ പുത്രനായ ഭരതനെ രാജാവായി അഭിഷേകം ചെയ്യാനാഗ്രഹിക്കുന്നു. കൈകേയിയുടെ ആവശ്യമനുസരിച്ച് ശ്രീരാമൻ തന്റെ പത്നിയായ സീതയോടും അനുജനായ ലക്ഷ്മണനോടും കൂടി കാട്ടിലേക്ക് പോകുന്നു. അവിടെ വച്ച് ലങ്കയിലെ രാക്ഷസരാജാവായ രാവണൻ സീതയെ അപഹരിച്ചുകൊണ്ടുപോകുന്നു. വാനരരാജാവായ സുഗ്രീവന്റെയും അദ്ദേഹത്തിന്റെ മന്ത്രിയായ ഹനുമാന്റേയും സഹായത്തോടുകൂടി ശ്രീരാമൻ ലങ്കയിൽ പോയി യുദ്ധം ചെയ്തു രാവണനെ കൊന്നു തന്റെ പത്നിയെ വീണ്ടെടുക്കുകയും രാവണന്റെ സഹോദരനായ വിഭീഷണനെ ലങ്കയിലെ രാജാവായി അഭിഷേകം ചെയ്തു മടങ്ങിപ്പോരുകയും ചെയ്യുന്നു. പതിനാലുകൊല്ലത്തെ വനവാസത്തിനുശേഷം അദ്ദേഹം അയോദ്ധ്യയിലേക്കു മടങ്ങിപ്പോകുകയും അതുവരേയും ശ്രീരാമന്റെ പേരിൽ ഭരണം നടത്തിപ്പോന്ന ഭരതനിൽ നിന്ന് രാജ്യഭാരം ഏറ്റുവാങ്ങുകയും ചെയ്യുന്നു. ഏഴുകാണ്ഡങ്ങളിലായി വിവരിക്കപ്പെടുന്ന ഈ കഥയിൽ പലേടത്തും അനേകം ദാർശനികതത്വങ്ങൾ സന്ദർഭോചിതമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്; പല കഥാപാത്രങ്ങളുടേയും ഉപകഥകളുടെയും സഹായത്തോടുകൂടി അക്കാലത്തെ ഇന്ത്യയിലെ സാമൂഹ്യജീവിതം തന്മയത്വത്തോടുകൂടി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്.

ധൃതരാഷ്ട്രരുടെ പുത്രന്മാരായ കൗരവന്മാരും അദ്ദേഹത്തിന്റെ സഹോദരനായ പാണ്ഡുവിന്റെ പുത്രന്മാരായ പാണ്ഡവന്മാരും തമ്മിൽ രാജ്യത്തിന്റെ സിംഹാസനത്തിനുവേണ്ടി നടന്ന ഭീകരമായ ഒരു യുദ്ധത്തെയാണ് മഹാഭാരതം വിവരിക്കുന്നത്. ഇന്നത്തെ ദൽഹിക്കടുത്തുള്ള കുരുക്ഷേത്രമൈതാനത്തിൽ വച്ചു നടത്തപ്പെട്ട പതിനെട്ടു ദിവസത്തെ യുദ്ധത്തിനിടയിൽ ഇരുകക്ഷിയിലും പെട്ട മിക്ക നേതാക്കന്മാരും മരണമടയുന്നു. ഒടുവിൽ പാണ്ഡവന്മാരുടെ നേതാവായ യുധിഷ്ഠിരൻ രാജാവായി അംഗീകരിക്കപ്പെടുന്നു. പക്ഷേ, അദ്ദേഹം രാജകീയമായ സുഖഭോഗങ്ങളനുഭവിക്കാൻ കൂട്ടാക്കാതെ സിംഹാസനമുപേക്ഷിച്ച് സ്വർഗത്തിലേക്ക് യാത്ര പുറപ്പെടുകയാണ് ചെയ്യുന്നത്. രാജാക്കന്മാരും പുരോഹിതന്മാരും പണ്ഡിതന്മാരും സാധാരണക്കാരുമുൾപ്പെടെ ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമായി ലക്ഷക്കണക്കിനുള്ള ജനങ്ങൾ മഹാഭാരതയുദ്ധത്തിൽ പങ്കെടുത്തുവെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഈ മൂലകഥകളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള അനേകം ഉപകഥകളും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. നളന്റെയും ദമയന്തിയുടെയും കഥ, സാവിത്രിയുടെയും സത്യവാന്റെയും കഥ, ശകുന്തളയുടെയും ദുഷ്യന്തന്റെയും കഥ മുതലായവയാണ് ഈ ഉപാഖ്യാനങ്ങളിൽ പ്രാധാന്യമർഹിക്കുന്നവ.

മഹാഭാരതം ലോകത്തിലെ ഏറ്റവും മുന്തിനിൽക്കുന്ന പ്രാചീനഗ്രന്ഥങ്ങളിലൊന്നാണ്. സുന്ദരങ്ങളായ ഒട്ടനവധി പ്രതിരൂപങ്ങളുടെ സഹായത്തോടുകൂടി പ്രാചീനേന്ത്യയിലെ രാഷ്ട്രീയവും സാമൂഹ്യവുമായ ജീവിതത്തിന്റെ അഗാധതകളിലേക്കിറങ്ങിച്ചെന്നു യാഥാർത്ഥ്യങ്ങളെ കണ്ടെത്താൻ ശ്രമിക്കുന്ന കലാപരവും സത്യാന്വേഷണപരവുമായ ഒരു വിജ്ഞാനകോശമാണിത്. ശരിക്കു പരിശോധിച്ചാൽ, ഏതെങ്കിലുമൊരു കവിയാൽ രചിക്കപ്പെട്ട ഒരൊറ്റ പുസ്തകമാണതെന്നു വിശ്വസിക്കാൻ വയ്യ. പല കാലത്തായി വിവിധ കവികൾ രചിച്ച കൃതികളുടെ ഒരു ഭണ്ഡാഗാരമാണത്. ദർശനം, ധനശാസ്ത്രം, ഭരണവ്യവസ്ഥ, ദണ്ഡനീതി, സമുദായശാസ്ത്രം — ഇങ്ങനെ പലതിനെപ്പറ്റിയുമുള്ള പല പരാമർശങ്ങളും കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയാണ് ക്രമത്തിലത് മനുഷ്യവിജ്ഞാനത്തിന്റെ ഒരു ഭണ്ഡാഗാരമായിത്തീർന്നത്.

വേദഭാഷ സംസാരിച്ചിരുന്ന പ്രാചീനാര്യന്മാർക്ക് എഴുത്തും വായനയും അറിഞ്ഞുകൂടായിരുന്നു. അറിയാനും പഠിക്കാനുമുള്ളതെല്ലാം ഹൃദിസ്ഥമാക്കി വെയ്ക്കുകയായിരുന്നു പതിവ്. എന്നാൽ ഉത്പാദനശക്തികൾ വളരുകയും കൊള്ളക്കൊടുക്കകൾ പരന്നുപിടിക്കുകയും ചെയ്തപ്പോൾ വേദഭാഷ വർണലിപികളോടുകൂടിയ സംസ്കൃതഭാഷയായി രൂപാന്തരപ്പെട്ടു. വാമൊഴി വരമൊഴിയായി വികസിച്ചു. സ്വകാര്യസ്വത്തിന്റെ വളർച്ചയും വർണാശ്രമങ്ങളെന്ന പേരിലറിയപ്പെടുന്ന വർഗവ്യത്യാസങ്ങളുമാണ് സംസ്കൃതസാഹിത്യത്തിന് പ്രചോദനം നൽകിയത്. മേലാളരായ ബ്രാഹ്മണർക്കും ക്ഷത്രിയർക്കും തങ്ങളുടെ ഒഴിവുസമയം സാഹിത്യാദികലകൾക്കും ശാസ്ത്രീയ ഗവേഷണങ്ങൾക്കും വേണ്ടി വിനിയോഗിക്കാൻ സാധിച്ചു. അങ്ങനെ സംസ്കൃതഭാഷയിൽ വ്യുൽപ്പത്തിയും രചനാവൈദഗ്ധ്യവുമുള്ള ഒട്ടനവധി പണ്ഡിതന്മാരും കവികളും നാടകകൃത്തുക്കളും ഉയർന്നുവന്നു. ദാസൻ, ശൂദ്രകൻ, അശ്വഘോഷൻ മുതലായ മഹാകവികളും നാടകകൃത്തുക്കളും ജീവിച്ചിരുന്നത് ഈ കാലഘട്ടത്തിലാണ്. കാളിദാസന്റെ കാലമായപ്പോഴേക്കും പ്രാചീനസംസ്കൃതസാഹിത്യം ഏറ്റവും ഉന്നതമായ ഒരു നിലവാരത്തിലെത്തി.

സംസ്കൃതം, പ്രധാനമായും, മേലേക്കിടയിലുള്ള പണ്ഡിതൻമാരുടെ സാഹിത്യഭാഷയായിരുന്നു. സാധാരണക്കാരായ നാട്ടുകാർക്കിടയിൽ അതിന് അത്ര പ്രചാരമുണ്ടായിരുന്നില്ല. അവർക്ക് തങ്ങളുടെ സ്വന്തമായ വ്യവഹാരഭാഷയുണ്ടായിരുന്നു. സംസ്കൃതത്തിനു ധാരാളം ദാടിയും മോടിയുമുണ്ടായിരുന്ന കാലത്തുതന്നെ മാഗധി, പൈശാചി, ശൗരസേനി, ശകാരി, ചണ്ഡാലി, ശാബരി, ആഭീരി, തമിഴ് തുടങ്ങിയ അനേകം ഭാഷകൾ ജനങ്ങൾക്കിടയിൽ പ്രചരിച്ചിരുന്നു. ജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്തിയിരുന്ന ബുദ്ധൻ, മഹാവീരൻ മുതലായ ദാർശനികന്മാർ സംസ്കൃതത്തിലല്ല, നാടൻ ഭാഷകളിലാണ് തങ്ങളുടെ ഉപദേശങ്ങളും പ്രസംഗങ്ങളും നടത്തിയിരുന്നത്. അശോകചക്രവർത്തി പണിയിച്ച സ്തംഭങ്ങളിന്മേൽ കൊത്തിയെഴുതപ്പെട്ട ശിലാലിഖിതങ്ങൾ സംസ്കൃതത്തിലല്ല, നാടൻ ഭാഷകളിലാണ്. ഈ പ്രാചീന നാടൻഭാഷകളിൽ നിന്നാണ്, സംസ്കൃതത്തിൽ നിന്നല്ല, പിന്നീടുണ്ടായ ദേശീയഭാഷകൾ വളർന്നുവന്നത്.

ഭാസൻ, ശൂദ്രകൻ, കാളിദാസൻ മുതലായ മഹാകവികളുടെ നാടകങ്ങളിൽ പലതും ഉത്സവാഘോഷങ്ങളിൽ വേഷം കെട്ടി കളിക്കാൻ വേണ്ടി രചിക്കപ്പെട്ടവയാണ്. അതുകൊണ്ട്, അവയിൽ സംസ്കൃതത്തിനു പുറമേ നാട്ടുകാർക്ക് മനസ്സിലാവുന്ന പ്രാകൃതഭാഷകളും സുലഭമായി ഉപയോഗിക്കപ്പെട്ടിരുന്നു. ബ്രാഹ്മണർ, ക്ഷത്രിയർ തുടങ്ങിയ ഉയർന്ന വർഗക്കാർ മാത്രമേ പണ്ഡിതോചിതമായ സംസ്കൃതഭാഷയിൽ സംസാരിക്കുന്നുള്ളൂ. അവരിൽ തന്നെ സ്ത്രീകൾ — ചിലപ്പോൾ രാജ്ഞിമാർ പോലും — പ്രാകൃതത്തിലാണ് സംസാരിക്കുന്നത്. ദാസൻ, ചണ്ഡാളൻ, കള്ളൻ, പൊലീസുകാരൻ മുതലായ കഥാപാത്രങ്ങളെല്ലാം നാട്ടിൽ നടപ്പുള്ള വ്യവഹാരഭാഷകളാണ് ഉപയോഗിക്കുന്നത്. സംസ്കൃതം സാഹിത്യഭാഷയായി ഉപയോഗിക്കപ്പെട്ട കാലത്തുതന്നെ സാധാരണ ജനങ്ങൾക്കിടയിൽ മറ്റു ശാഖകളാണ് പ്രചരിച്ചിരുന്നത് എന്നാണിതു കാണിക്കുന്നത്.

എങ്കിലും സംസ്കൃതസാഹിത്യത്തിന്റെ സർവ്വതോന്മുഖമായ വളർച്ച പ്രാചീനേന്ത്യയുടെ കലാപരമായ ഒരു മുന്നേറ്റത്തെയാണ് കുറിക്കുന്നത്. രണ്ടായിരത്തിലധികം കൊല്ലങ്ങൾ കഴിഞ്ഞിട്ടും അവ നശിക്കാതെ നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യം അവയുടെ മേന്മയെ വിളിച്ചു പറയുന്നുണ്ട്.

സാഹിത്യഭാഷയുടെ വളർച്ചയോടൊപ്പം ഭാഷാശാസ്ത്രം, വ്യാകരണം മുതലായവയും ആവശ്യമായിത്തീർന്നു. ക്രി. മു. അഞ്ചാം നൂറ്റാണ്ടിലോ നാലാം നൂറ്റാണ്ടിലോ ജീവിച്ചിരുന്ന സംസ്കൃതഭാഷാശാസ്ത്രജ്ഞനായ പാണിനിയാണ് അവയുടെ നിർമാണത്തിന് നേതൃത്വം നൽകിയത്. എട്ടദ്ധ്യായങ്ങളിലായി നാലായിരത്തോളം സൂത്രങ്ങളടങ്ങിയ അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ അഷ്ടാദ്ധ്യായി അക്കാലത്തെ ഭാഷയുടെ സർവസ്പർശിയായ ഒരു ശാസ്ത്രീയവിശകലനമാണ്. പിന്നീട് വരരുചി, കാത്യായനൻ (ക്രി. മു. 3-ാം നൂറ്റാണ്ടിൽ) പതഞ്ജലി (ക്രി. മു. 2-ാം നൂറ്റാണ്ടിൽ) മുതലായ ഭാഷാശാസ്ത്രജ്ഞന്മാർ പാണിനിയുടെ വ്യാകരണത്തിനു ഭാഷ്യങ്ങളുണ്ടാക്കി. പ്രാകൃതം, ശൗരസേനി, മാഗധി, പൈശാചി തുടങ്ങിയ നാടൻഭാഷകളെ സംസ്കൃതവ്യാകരണത്തിന്റെ ദൃഷ്ടിയിലൂടെ പരിശോധിച്ചുകൊണ്ട് ക്രി. മു. മൂന്നാം നൂറ്റാണ്ടിൽ വരരുചി ഒരു 'പ്രാകൃത വ്യാകരണവും' നിർമ്മിക്കുകയുണ്ടായി. ഛന്ദസ്സുകളെപ്പറ്റിയുള്ള പിംഗളന്റെ സൂത്രങ്ങളും സംസ്കൃതവൃത്തങ്ങളെപ്പറ്റിയുള്ള ജയദേവന്റെ ഗ്രന്ഥവും എടുത്തുപറയത്തക്കവയാണ്. ഈ ഭാഷാശാസ്ത്രഗ്രന്ഥങ്ങൾ അക്കാലത്തെ ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് വലിയ പ്രചോദനം നൽകിയെന്നു പറയേണ്ടതില്ലല്ലോ.

## 3 ശാസ്ത്രങ്ങളുടെ അഭിവൃദ്ധി

വിവിധ സാഹിത്യശാഖകളെപ്പറ്റിയുള്ള പലതരം ഗ്രന്ഥങ്ങളും അക്കാലത്ത് രചിക്കപ്പെടുകയുണ്ടായി. ഭരതന്റെ നാട്യശാസ്ത്രത്തിൽ നാടകങ്ങളുടെ വിഭജനം, നടന്മാരുടെ അഭിനയം, വേഷവിധാനം, സംഭാഷണം നടത്തേണ്ട രീതി, അലങ്കാരങ്ങൾ, ശബ്ദാർത്ഥങ്ങൾ മുതലായവയെക്കുറിച്ചെല്ലാം വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ട്. നന്ദികേശ്വരന്റെ അഭിനയദർപ്പണമാണ് പ്രസിദ്ധിയാർജ്ജിച്ച മറ്റൊരു നാട്യശാസ്ത്രഗ്രന്ഥം. നൃത്തകലയുടെ സാങ്കേതികവശങ്ങളിൽ വൈദഗ്ധ്യം നേടിയ അനേകം നർത്തകന്മാരും നർത്തകികളും അക്കാലത്തുണ്ടായിരുന്നു. നൃത്തം പഠിപ്പിക്കുന്നവർക്ക് ഗവണ്മെൻറ് ചെലവിന് കൊടുക്കുക പതിവായിരുന്നു.

സമുദായത്തിന്റെ ഭരണക്രമത്തെപ്പറ്റിയും രാഷ്ട്രീയ സാമൂഹ്യ സിദ്ധാന്തങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്ന ചില അമൂല്യഗ്രന്ഥങ്ങൾ അക്കാലത്തു രചിക്കപ്പെടുകയുണ്ടായി. ദണ്ഡനീതി, നീതിസാരം, അർത്ഥശാസ്ത്രം മുതലായ പേരുകളിലാണ് അവയറിയപ്പെടുന്നത്. ഏറ്റവും വിലപിടിച്ച ഗ്രന്ഥം ക്രി.മു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കൗടില്യന്റെ അർത്ഥശാസ്ത്രമാണ്. അക്കാലത്തെ ജനങ്ങളുടെ സാമൂഹ്യരാഷ്ട്രീയ ജീവിതത്തെപ്പറ്റി പഠിക്കാൻ നമ്മെ ഇത്രയധികം സഹായിക്കുന്ന മറ്റൊരു പുസ്തകമുണ്ടെന്നു തോന്നുന്നില്ല. അർത്ഥശാസ്ത്രത്തിൽ അർത്ഥമാണ് ഏറ്റവും പ്രധാനമായ പുരുഷാർത്ഥം. ധർമവും കാമവും അർത്ഥത്തെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ടു തന്നെയാണ്, ആത്മീയവാദികളായ പുരോഹിതന്മാർ കൗടില്യന്റെ നിയമങ്ങളെ എതിർക്കാനും വളച്ചൊടിക്കാനും വേണ്ടി കൊണ്ടുപിടിച്ചു പരിശ്രമിച്ചത്. കാമന്ദന്റെ നീതിസാരം, മനുവിന്റെ മാനവധർമശാസ്ത്രം മുതലായവയാണ് പ്രാധാന്യമർഹിക്കുന്ന മറ്റു ഗ്രന്ഥങ്ങൾ, വർണാശ്രമങ്ങളുടെ അടിത്തറയുറപ്പിക്കാൻ സഹായിച്ച മനുസ്മൃതി വളരെ നൂറ്റാണ്ടുകളോളം കാലം ഇന്ത്യയുടെ സാമൂഹ്യജീവിതത്തിൽ സ്വാധീനം ചെലുത്തിപ്പോന്നിട്ടുണ്ട്.

അർത്ഥം മാത്രമല്ല, കാമവും പ്രധാനമായിരുന്നു. വാത്സ്യായനന്റെ കാമശാസ്ത്രം കൗടില്യന്റെ അർത്ഥശാസ്ത്രംപോലെതന്നെ പ്രസിദ്ധമായിരുന്നു. ഉയർന്ന വർഗക്കാർക്ക് കാമകലകളഭ്യസിക്കാൻ അതു സഹായം നൽകി. ശൃംഗാരകവിതകൾക്ക് ഉയർന്ന വർഗക്കാർക്കിടയിൽ വലിയ പ്രചാരമാണുണ്ടായിരുന്നത്.

ഇന്ത്യൻ വൈദ്യശാസ്ത്രത്തിന്റെ സ്ഥാപകൻ ധന്വന്തരിയാണ് എന്നു വിശ്വസിക്കപ്പെടുന്നു. എന്നാൽ വിവിധങ്ങളായ രോഗങ്ങളെപ്പറ്റിയും അവയുടെ ചികിത്സയെപ്പറ്റിയും വിസ്തരിച്ചു പ്രതിപാദിക്കുന്ന ചരകസംഹിതയാണ് ഇന്ത്യയിലെ ഏറ്റവും പഴക്കംചെന്ന വൈദ്യശാസ്ത്രഗ്രന്ഥം. ചരകൻ ജീവിച്ചിരുന്നത് ക്രി. മു. 6-ാം നൂറ്റാണ്ടിനും 4-ാം നൂറ്റാണ്ടിനുമിടയിലാണ്. സുശ്രുതസംഹിതയിൽ അംഗവിച്ഛേദനം, ഉദരഭേദനം, വയറുകീറി കുട്ടിയെ എടുക്കൽ, കണ്ണുകീറി തിമിരം നീക്കൽ മുതലായ ശസ്ത്രക്രിയകളെപ്പറ്റിയും ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. യുദ്ധത്തിലും മറ്റും മുറിവേറ്റവരെ ശസ്ത്രക്രിയയുപയോഗിച്ച് ചികിത്സിച്ചു സുഖപ്പെടുത്തുന്ന ഭിഷഗ്വരന്മാർ അക്കാലത്തുണ്ടായിരുന്നുവത്രേ. അശോകന്റെ കാലത്ത് രാജ്യത്തിന്റെ പലഭാഗങ്ങളിലും ധർമാസ്പത്രികളുണ്ടായിരുന്നു. ദരിദ്രന്മാർക്ക് സൗജന്യമായിട്ടാണത്രേ മരുന്നുകൾ നൽകപ്പെട്ടിരുന്നത്.

ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം മുതലായ മറ്റു ശാസ്ത്രങ്ങളിലും പ്രാചീനഭാരതീയർ അസൂയാവഹമായ പ്രാമാണ്യം നേടിയിരുന്നു. ആര്യഭടന്റെ ആര്യഭടീയത്തിൽ ഭൂമി ഗോളാകൃതിയിലുള്ളതാണെന്നും അത് അതിന്റെ അച്ചുതണ്ടിന്മേൽ തിരിയുന്നുണ്ടെന്നും അത് ഒരിടത്തുതന്നെ നിൽക്കുകയല്ല, സൂര്യനുചുറ്റും ചുറ്റിത്തിരിയുകയാണ് ചെയ്യുന്നത് എന്നും പ്രസ്താവിച്ചിട്ടുണ്ട്. സൂര്യചന്ദ്രന്മാരുടെയും നക്ഷത്രങ്ങളുടെയും ഗതികളിലുണ്ടാകുന്ന മാറ്റങ്ങളെ പരിശോധിച്ചു കൊണ്ട് തിഥി, നക്ഷത്രം, കരണം, സൂര്യഗ്രഹണം മുതലായവയെപ്പറ്റി കണക്കുകൂട്ടിപ്പറയുവാൻ അക്കാലത്തെ ജ്യോതിശാസ്ത്രജ്ഞന്മാർക്ക് സാധിച്ചിരുന്നു. വരാഹമിഹിരന്റെ ‘ബൃഹത്സംഹിത’ എന്ന ജ്യോതിശാസ്ത്രഗ്രന്ഥം മൗലികഗ്രന്ഥങ്ങളിൽ ഒന്നായിട്ടാണ് കരുതപ്പെട്ടിരുന്നത്. ദശാംശവ്യവസ്ഥയും സുന്നവും ഇന്ത്യയിലെ ഗണിതശാസ്ത്രജ്ഞന്മാരാണ് ആദ്യമായി കണ്ടുപിടിച്ചത് എന്ന് ഇപ്പോൾ പരക്കെ സമ്മതിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. സുന്നം അല്ലെങ്കിൽ പൂജ്യം ക്രി. മു. 200—ാമാണ്ടിനോടടുത്തു തന്നെ കണ്ടുപിടിക്കപ്പെട്ടുകഴിഞ്ഞിരുന്നു. പ്രൊഫസ്സർ ജി.ബി. ഹാൽസ്റ്റെഡ് തന്റെ ‘ഓൺ ദി ഫൗണ്ടേഷൻ ആൻറ് ടെക്നിക്ക് ഓഫ് അരിത്തമെറ്റിക്സ്’ എന്ന പുസ്തകത്തിൽ എഴുതുന്നു.

> ‘ശൂന്യചിഹ്നത്തിന്റെ സൃഷ്ടിയുടെ പ്രാധാന്യത്തെക്കുറിച്ച് എത്ര പറഞ്ഞാലും അധികമാവില്ല. ബുൽബുദപ്രായമായ ഈ ശൂന്യത്തിന് ഇങ്ങനെ ഒരു വീടും പേരും ചിത്രവും ചിഹ്നവും മാത്രമല്ല ഉപകാരപ്രദമായ ശക്തിയും നൽകിയത് അതിന്റെ പ്രഭവസ്ഥാനമായ ഹിന്ദുവംശത്തിന്റെ സഹജസ്വഭാവവിശേഷത്തിന് അനുയോജ്യം തന്നെ... ഒറ്റയ്ക്കെടുത്തു നോക്കിയാൽ ഗണിതശാസ്ത്രപരമായ യാതൊരു സംസൃഷ്ടിയും ബുദ്ധിയുടേയും ശക്തിയുടേയും ഉൽഗതിക്ക് ഇതിനേക്കാൾ കഴിവുൾക്കൊണ്ടിട്ടില്ല’.

നെപ്പോളിയന്റെ കാലത്ത് ജീവിച്ചിരുന്ന ലപ്ലാസ് എന്ന യൂറോപ്യൻ ശാസ്ത്രജ്ഞൻ ഇങ്ങനെ എഴുതി:

> ‘എല്ലാ സംഖ്യകളും പത്ത് അക്കങ്ങളെക്കൊണ്ടു കുറിക്കുന്ന സൂത്രം നമുക്ക് നൽകിയത് ഇന്ത്യയാണ്. ഓരോ അക്കത്തിനും ഒരു സ്ഥാനവിലയും കേവലമായ മറ്റൊരു വിലയും ഉണ്ട്. അത്യന്തം അഗാധവും സുപ്രധാനവുമായ ഒരാശയമാണിത്. അതിന്റെ യഥാർത്ഥയോഗ്യതയെ നാം അവഗണിച്ചു കളയാൻ തക്കവണ്ണം ഇന്ന് അത്രമേൽ സരളമായിത്തോന്നുന്നുവെങ്കിലും അതിന്റെ സാരള്യം ഏതുതരം കണക്കുകൂട്ടലിനും അതുണ്ടാക്കിത്തീർക്കുന്ന എളുപ്പം നമ്മുടെ സംഖ്യാവിദ്യയെ പ്രയോജനകരമായ കണ്ടുപിടുത്തങ്ങളുടെ മുന്നണിയിൽ നിർത്തുന്നു. പുരാതനകാലത്തുണ്ടായിട്ടുള്ളവരിൽ ഏറ്റവും വലിയ രണ്ടു മഹാന്മാരായ ആർക്കിമെഡീസിന്റെയും അപ്പലോണിയസിന്റെയും പ്രതിഭാവിലാസത്തിന്റെ പിടിയിൽപ്പോലും അതു പെട്ടിട്ടില്ലെന്നോർക്കുമ്പോൾ, ഈ നേട്ടത്തിന്റെ മഹനീയതയെ നാം ആദരിക്കും.

രേഖാഗണിതം, ബീജഗണിതം, സംഖ്യാവിദ്യ മുതലായ ശാസ്ത്രങ്ങൾ ഇക്കാലത്താണുയർന്നുവന്നത്. ഈ വിവിധരംഗങ്ങളിൽ പ്രാചീനേന്ത്യയ്ക്കുണ്ടായ നേട്ടങ്ങളേക്കുറിച്ച് ‘ഇന്ത്യയെ കണ്ടെത്തൽ’ എന്ന തന്റെ പുസ്തകത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇങ്ങനെ രേഖപ്പെടുത്തുന്നു:

> ‘ഗണിതശാസ്ത്രത്തിൽ പുരാതനേന്ത്യക്കാർ യുഗപരിവർത്തന ഹേതുക്കളായ ചില കണ്ടുപിടുത്തങ്ങൾ നടത്തി — വിശേഷിച്ച് ‘സുന്ന’ത്തിന്റെ ചിഹ്നവും ദശാംശസ്ഥാന വ്യവസ്ഥയും ഋണചിഹ്നത്തിന്റെ ഉപയോഗവും ബീജഗണിതത്തിൽ അവിജ്ഞാത സംഖ്യകളെക്കുറിക്കാൻ അക്ഷരങ്ങളുടെ ഉപയോഗവും കണ്ടുപിടിച്ചു. കണ്ടുപിടുത്തത്തിന്റെയും അതിനെ പ്രയോഗത്തിൽ വരുത്തുന്നതിന്റെയും ഇടയിൽ വലിയൊരിടക്കാലം എന്നുമുണ്ടായിരുന്നതിനാൽ ഇവയുടെ കാലം കണക്കാക്കുക പ്രയാസമത്രേ. എന്നാൽ, സംഖ്യാവിദ്യയുടെയും രേഖാഗണിതത്തിന്റെയും ബീജഗണിതത്തിന്റെയും പ്രാരംഭങ്ങൾ ഏറ്റവും പുരാതനകാലം മുതൽ തന്നെ മൊട്ടിട്ടിട്ടുണ്ടെന്നു വ്യക്തമാണ്. ഋഗ്വേദകാലത്തുപോലും സംഖ്യാവിദ്യയുടെ അടിസ്ഥാനം ‘പത്ത്’ ആയിരുന്നു. പുരാതനേന്ത്യക്കാരുടെ കലാബോധവും സംഖ്യാബോധവും അസാധാരണമാണ്. വളരെയേറെ വരുന്ന അക്കങ്ങൾക്കുപോലും അവർക്ക് ഒരു സംഖ്യാനാമപരമ്പരയുണ്ടായിരുന്നു. ഗ്രീക്കുകാർ, റോമാക്കാർ, പേർഷ്യാക്കാർ, അറബികൾ എന്നിവർക്ക് ആയിരത്തിൽ ഏറിയാൽ പതിനായിരത്തിൽ, (104 = 10,000) കവിഞ്ഞ സംഖ്യകൾക്ക് പേരുണ്ടായിരുന്നില്ലെന്നു വിചാരിക്കണം. ഇന്ത്യയിലാകട്ടെ, ഓരോന്നിനും പ്രത്യേകമായി പതിനെട്ടു സംഖ്യാനാമങ്ങൾ (1018) ഉണ്ടായിരുന്നു. അതിലും നീണ്ട പട്ടികകൾ കൂടിയുണ്ട്. ബുദ്ധന്റെ ബാല്യത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കഥയിൽ 1050 വരെയുള്ള സംഖ്യകളെ അദ്ദേഹം പേരെണ്ണിപ്പറഞ്ഞതായിക്കാണുന്നു’.

ഭവനങ്ങളും നഗരങ്ങളും കെട്ടിപ്പടുക്കുന്നതിന്റെ സാങ്കേതികവശങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന വാസ്തുവിദ്യയും വിവിധതരത്തിലുള്ള മൂർത്തികളെ കൊത്തിയുണ്ടാക്കുന്നതെങ്ങനെയെന്നു വിവരിക്കുന്ന മൂർത്തികലയും അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നു. ശില്പവിദ്യയ്ക്ക് വലിയൊരു മുന്നേറ്റമുണ്ടായി. മൗര്യന്മാരുടെ കാലത്ത് അനേകം സ്തൂപങ്ങളും വിഹാരങ്ങളും നിർമ്മിക്കപ്പെട്ടു. അശോകന്റെ കാലത്ത് നിർമ്മിക്കപ്പെട്ട സാഞ്ചിയിലെ മനോഹരമായ സ്തൂപം ഇന്നും അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നുണ്ട്. മഹാന്മാരായ ചിത്രകാരൻമാരുടെയും കൊത്തുപണിക്കാരുടെയും കൈവിരുതുകൾ അജന്താഗുഹകളിലും വടക്ക് പടിഞ്ഞാറ് മഥുര മുതൽ തെക്കു നാഗാർജ്ജുന കൊണ്ഡ, അമരാവതി മുതലായ കലാകേന്ദ്രങ്ങൾവരെ വ്യാപിച്ചുകിടക്കുന്ന പല സ്ഥലങ്ങളിലും ഇന്നു മായാതെ കിടക്കുന്നുണ്ട്.

സാഹിത്യാദികലകളിലും ശാസ്ത്രങ്ങളിലും വൈദഗ്ധ്യം നേടാനാഗ്രഹിക്കുന്നവർക്ക് സർവകലാശാലകളുണ്ടായിരുന്നു. ഇന്നത്തെ പെഷവാറിനടുത്തുള്ള തക്ഷശിലയാണ് ഏറ്റവുമധികം പ്രസിദ്ധി നേടിയത്. ദൂരദേശങ്ങളിൽ നിന്നുപോലും ആളുകൾ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി അവിടേക്കു പോവുക പതിവായിരുന്നു. പാണിനി അവിടെയാണത്രേ പഠിച്ചത്.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10